


# സർഗ്ഗ സങ്കേതം

## ജി എച്ച് എസ് എസ് ഇരിക്കൂർ

# വിദ്യാലയ സാരഥികൾ



ശ്രീ സുരേഷ് ബാബു ടി കെ
ഹെഡ്മാസ്റ്റർ



ശ്രീ കെ ടി അബ്ദുൾജലീൽ
പി ടി എ പ്രസിഡന്റ്

ചീഫ് എഡിറ്റർ : മുഹമ്മദ് ദിൽഷാദ് (9F)
പത്രാധിപ സമിതി : ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
കവർപേജ് : മുഹമ്മദ് ഷഹീം എ സി(10F)
: റുമൈസ് അലി ആർ പി(10F)

# ഉള്ളടക്കം


ആമുഖം....................................................................4
എന്റെ വിദ്യാലയം.........................................................5
ഓണം......................................................................6
നാട്.......................................................................7
പ്രകൃതി മനോഹരി.........................................................8
തണലേത്....? വെയിലേത്?...............................................9
മാതാവ്..................................................................10
മാഞ്ഞുപോയ കാഴ്ചകൾ.................................................11
നിഴൽ...................................................................12
കലാലയമേ നമിക്കുന്നു ഞാൻ...........................................13
സൗഹൃദം...............................................................14
ഗുരുനാഥൻ.............................................................15
HEIDI...................................................................16
പൂവമ്പഴം...............................................................18
യാത്രാവിവരണം.........................................................22
കുട്ടികൾക്ക് എന്താ പറ്റിയേ ?..........................................25
മരം മുറിക്കുന്നതിനെതിരെ മരത്തിന്റെ നൊമ്പരം.......................29
അങ്ങനെ ഒരു പെൺകുട്ടി...............................................30
ചിത്രങ്ങൾ...............................................................33

# ആമുഖം

എഴുത്തോലയിൽ നാരായമുനകൊണ്ട് വിസ്മയം രചിച്ച പ്രപിതാമഹൻമാർ നമുക്കുണ്ടായിരുന്നു. ആ ക്രാന്തദർശികൾ പുഷ്പകവിമാനങ്ങൾ സ്വപ്നം കണ്ടു. ഇന്ന് ആഗോള സഞ്ചാര ചക്രവാളങ്ങളിൽ ശാസ്ത്രവിജ്ഞാനം വിഹരിക്കുകയാണ്. സർഗ്ഗവാസനകൾ ഈ ഡിജിറ്റൽ യുഗത്തിൽ മനുഷ്യന്റെ വിരൽത്തുമ്പിൽ പുതിയ അത്ഭുതങ്ങൾ ആരചിക്കുകയാണ്. ശാസ്ത്രവും സൃഷ്ടിയും തമ്മിൽ സംയോഗത്തിലേർപ്പെട്ടുമ്പോൾ മനീഷിയായ മാനവൻ പുതുചരിത്രമെഴുതുന്നു.

**ഇവിടെ നമ്മൾ ഒരു ഡിജിറ്റൽ മാഗസിൻ തുടങ്ങുന്നു.......**



**ശ്രീ. കെ വി മുരളീധരൻ**
**(മുൻ പ്രധാനധ്യാപകൻ)**
**മാർഗ്ഗദർശകൻ**

# എന്റെ വിദ്യാലയം

എൻ അറിവിൻ കൂടാരമാണ്
എന്റെ വിദ്യാലയം
എന്റെ ആദ്യാക്ഷരമമ്മയാണ്
എന്റെ വിദ്യാലയം
എൻനാടിന്റെ അലങ്കാരമാണ്
എന്റെ വിദ്യാലയം
എന്നമ്മയാകും വെളിച്ചമാണ്
എന്റെ വിദ്യാലയം

വിദ്യാലയം എന്നദീപത്തിൽ
തിരികൊളുത്താൻനാംപോകുന്നു
നാം ഉന്നത ഉന്നതന്മാരാകുന്നു
ചിലർ ശാസ്ത്ര-തത്ത്വ ചിന്തകന്മാരാകുന്നു
എന്റെ അറിവിൻ കൂടാരമാണ്
എന്റെ വിദ്യാലയം

എന്റെ സ്വപ്നത്തിലെ കൊട്ടാരമാണ്
എന്റെ വിദ്യാലയം
എന്നെന്നും എന്നോടൊപ്പമുണ്ടാകുന്ന-
എന്നമ്മയാണെന്റെ വിദ്യാലയം
എന്നമ്മയോളം എന്നെ വളർത്തിയ
എൻദൈവമാണെന്റെ വിദ്യാലയം

റാഹില പി പി
9D

# ഓണം

കർക്കിടകകാറൊഴിഞ്ഞു എങ്ങും
ചിങ്ങവെയിൽ പരന്നു സൽഭരണത്തിന്റെ
ഓർമ്മ പുതുക്കുവാൻ ഓണമിങ്ങെത്തി
ഉണ്ണി... തിരുവോണമിങ്ങെത്തി ഉണ്ണി
പാതാള പടികേറി ഓണത്തിനെത്തുമാ
മാവേലിയെ വരവേൽക്കാൻ വീട്ടിൽ നക്ഷത്ര
പൂക്കളം തീർക്കാം

ഓണപ്പുലരിയിൽ പുത്തരി നൽകുവാൻ
ചെങ്കതിർ ചൂടി നിൽപ്പൂ വയൽ
പൊൻനിറം ചാർത്തി നിൽപ്പൂ
ഓണ സദ്യയും പുത്തനുടുപ്പുമായ്
അമ്മയും കാത്തിരിപ്പൂ വീട്ടിൽ...
അമ്മയും കാത്തിരിപ്പൂ.
ഓണം മലയാള നാടിനെന്നും
ഒരു പൂക്കാലമാണു ഉണ്ണി
സമൃദ്ധിതൻ പൂക്കാലമാണു ഉണ്ണി
അന്യമായി തീരുന്ന നാടൻ കളികളിന്ന്-
ഓണത്തിനെത്തുമുണ്ണി തിരുവോണത്തിനെത്തുമുണ്ണി
ഇല്ലില്ല ജാതിയും മറ്റു വിവേചനം
തെല്ലുമില്ലാതൊരാ കാലം
ആ നല്ല കാലമിതെങ്ങും പുലരുവാൻ
ഒത്തൊരുമിക്കുക നമ്മൾ കൈകൾ
കോർത്തുപിടിക്കുക നമ്മൾ

അഞ്ജലി കൃഷ്ണ
10E

# നാട്

പച്ചപ്പു നിറഞ്ഞ നാട്
പക്ഷികൾ  പൂമ്പാറ്റകൾ പറക്കുന്ന നാട്
പുഴകളും നദികളും ഒഴുകുന്നിവിടെ
എന്തുഭംഗി എന്തുഭംഗി എന്റെ നാട്

വീടുകളും  കുരകളും നിറഞ്ഞ നാട്
മലകളും കുന്നുകളും എന്തു ചന്തം
ജാതിമതവിശ്വാസമില്ലാത്ത നാട്
എന്തുഭംഗി  എന്തുഭംഗി എന്റെ നാട്

പരസ്പരം സ്നേഹംപകരുന്നിവിടെ
പലപല പൂക്കളുള്ള  നാട്
കാറ്റുകളും കുളിരുകളും കൊണ്ട് രസിക്കാം
എന്തുഭംഗി എന്തുഭംഗി എന്റെ നാട്

ആരിഫ കെ
9D

# പ്രകൃതി മനോഹരി

എന്തൊരു മനോഹരമാം
പ്രകൃതിയെൻ ദൃഷ്ടിയിൽ
പച്ചക്കുടയും ചൂടി നിൽക്കുന്നു
എന്നും എൻ കൺമുന്നിൽ

കള കള നാദം മുഴങ്ങുന്ന പക്ഷികളും
അറ്റമില്ലാത്ത കടലിൽ
ആർത്തിരമ്പുന്ന തിരമാലകളും
ഇങ്ങനെ എത്ര മനോഹരമാം നമ്മുടെ പ്രകൃതി

റിഷ്ന ഹിദ സി എച്ച്
9F

# തണലേത്....? വെയിലേത്?

ചുട്ടുപൊള്ളും വെയിലിൽ തണുപ്പിച്ച ഐസ്ക്രീം
കോരിക്കഴിക്കും പുതിയകാലത്തിന്റെ രണ്ടിണക്കുരുവികൾ....
അകലെ മാറിതൻ ശാഖകൾ പടർത്തുകൊണ്ടവിടെ
തണലേകാൻ നിൽക്കുന്ന വൃക്ഷങ്ങൾ..
സഹിക്കുവാൻ കഴിയാത്ത വെയിലിലും അവൾ പറയുന്നു
നമുക്കാ തണലത്തു മാറി നിൽക്കാം...

അപ്പോളവന്റെ നീരസം കണ്ടവൾ ഒന്നും മിണ്ടാതെ
ആ വെയിലിൽ പോയി അവന്റെ കൂടെ..
വൈകിയല്ലോ എന്നു കരുതി വീട്ടിൽ കാത്തിരിക്കും 'തണൽ'
അറിയുന്നില്ല 'വെയില'വളെ ചുട്ടെരിച്ചെന്നത്...
അത് തണലാണോ...? അത് വെയിലാണോ...?
അതെന്തെന്ന് തിരിച്ചറിയാൻ കഴിയാത്ത
പുതുതലമുറയിലെ പെൺ കിടാവേ...

നിന്നുടെ കൈകോണിലിരിക്കും ഐസ്ക്രീം
വെയിലിലുരുക്കിയതു പോൽ
നിന്റെ ജീവിതം ഉരുകിയോ അവന്റെ മുന്നിൽ...?
നിങ്ങളോർക്കേണ്ടതൊന്നു മാത്രം
മായാവലയങ്ങൾ നെയ്തു കൊണ്ടെത്തും
സൂര്യതാപത്തിൻ രശ്മികൾ നിനക്കു മുൻപിൽ...?

മഞ്ജിമ സി
9D

# മാതാവ്

മാനത്തെ നക്ഷത്രത്തിൻ തിളക്കമായ്....
അഹദോന്റെ കാരുണ്യത്തിൽ സൗഭാഗ്യമാം....
എന്നും നമ്മോടൊത്തിരിക്കും കളിക്കൂട്ടുകാരി....
ജീവന്റെ ജീവനേക്കാളേറെ സ്നേഹിച്ച
എന്റെ മാതാവാണെന്നും എന്റെ ഭാഗ്യം....

നിലാവിൽ പ്രഭയൂറും മാണിക്യക്കല്ലിന്റെ
സൗന്ദര്യമൂറുന്ന മുഹബ്ബത്തിനാൽ
പുഞ്ചിരിതൂകി പനിനീർച്ചെടിയുടെ
ഓളങ്ങൾ തഴുകിയടുക്കും
എന്റെ മാതാവാണെന്നും എന്റെ ഭാഗ്യം

മാനത്തെ മഴത്തുള്ളികൾ പോൽ
വിജ്ഞാനത്തിൻ പടവുകളൊന്നായ്
ഏറെ പുൽകും എന്നുമ്മ
മനസ്സിന്നൊരു സ്വാന്തനമായി
നൽകും വാക്കുകളേറെ കേട്ടെൻ
കുളിരേകും എൻ നെഞ്ചിലായ്....
സ്നേഹത്തിൽ പൂന്തോപ്പിൽ
നിറഞ്ഞു നിൽക്കും ഇഷ്ക്കായ്....
പൂമ്പാറ്റതൻ ചിറകിലേറി
പാറി നടക്കും തേനായി....
മഴവില്ലഴകിൻ മന്ദമാരുതൻ
തഴുകിയടുക്കും പൂവായ്....
എൻ മാതാവിൻ സ്നേഹത്തിൽ ഞാനേറെ പ്രഭയായി.....

ഫാത്തിമത്തു സഫ വി വി
9D

# മാഞ്ഞുപോയ കാഴ്ചകൾ

പ്രകൃതി തന്നു നമുക്ക് ഒരായിരം സൗഭാഗ്യം
തെളിനീർ ജലാശയം,ഹരിത വനങ്ങളും...............
ആർത്തി മൂത്തങ്ങു കാർന്നു തിന്നുന്നൊരാ പ്രകൃതിയേ.................
സംരക്ഷിച്ചില്ല നാം ശിക്ഷിച്ചതേയുള്ളൂ
ഇതിനൊക്കെ പകരമായ് തന്നൂ ആ പ്രകൃതി-
പ്രളയത്തുടിപ്പായി കേരളത്തിൽ................

പരശുരാമന്റെ മഴുവിൽ ജനിച്ചൊരാ കേരളം
ഇന്ന് പ്രളയ ദുരന്ത നിറവിൽ ..............
ചങ്ങമ്പുഴയുടെ മലരണിക്കാടുകൾ കാലഗതിയിൽ
മറഞ്ഞു പോയി............

മനുഷ്യ ജീവനു ഭീഷണി സൃഷ്ടിക്കും
പരിഷ്കാരമെന്തിനീ ഭൂമി തന്നിൽ.....?
വീണ്ടെടുക്കാമിന്നു നമുക്കീ പ്രകൃതിയെ
ഇനി വരുന്നൊരാ തലമുറയുടെ മക്കൾക്കായ്...........
തിരിച്ചുവരാതിരിക്കട്ടെ പോയ ദുരന്തങ്ങൾ
ഇനി നല്ല നാളേയ്ക്കായ് ഒത്തുചേരാം...........

മഞ്ജിമ സി
9D

# നിഴൽ

പലപ്പോഴും  ഞാൻ തനിച്ചാവുമ്പോൾ
നീ  എൻ കൂടെയുണ്ടാവാറുണ്ട്
ചിലപ്പോൾ എൻ മുമ്പിലായും
ചിലപ്പോൾ എൻ പിറകിലായും
എന്നെ പിന്തുടരുന്നു നീ

ഇരുളിൻ നിറമാണ് നിനക്ക്
എൻ  രൂപമാണ്  നീ
വെളിച്ചത്തിൽ തെളിഞ്ഞു കാണാം
ഇരുളിൽ നീ മറഞ്ഞ്  നിൽക്കുന്നു
മരണം വരെ എനിക്ക്
തുണയായി നീയെൻ  നിഴൽ മാത്രം

**ഡിയാന ഷെറിൻ**
**9F**

# കലാലയമേ നമിക്കുന്നു ഞാൻ

എൻ ഹൃദയം സ്വപ്നങ്ങൾ ചാലിച്ചെഴുതിയ
സ്മൃതികളിൽ ഓളങ്ങളായ് നിൻ സ്നേഹം
അലിയുമേതോ സന്ധ്യതൻ യാമങ്ങളിൽ
പടരുമീ ഗാനം ഒരു സ്വരമായ് ... ലയമായ്

അടർന്നു വീഴും തീക്കനലുകൾക്കുള്ളിലും
അലിയുമേതോ നിറക്കൂട്ടുകൾക്കുള്ളിലും
വിരിയുമേതോ നിശാപുഷ്പങ്ങൾക്കുള്ളിലും
വിരിയട്ടെ വേഗം ജല തരംഗങ്ങൾ പോലെ

ഉയരട്ടെ ഈ ഗാനം ഒരായിരം വീണയിൽ
കൊഴിഞ്ഞ പുസ്തകത്താളിൽ ഞാൻ കുറിച്ചിട്ടിരുന്നു
അലറുന്ന തിരമാലകൾക്കപ്പുറം
ചക്രവാളങ്ങൾ ഭേദിക്കും അസ്ത്രങ്ങൾക്കും അപ്പുറം
നമിക്കുന്നു ഞാൻ നിന്നെ നിറമിഴികളോടെ

വർഷ ഇ
9D

# സൗഹൃദം

കൂട്ടായ ലോക നന്മയ്ക്കായ് പുഴയായ് ഒഴുകുന്ന
സൗഹൃദം മധുരപ്പിച്ചീടുമീ ഇന്ന് നമ്മളും
ആഹ്ലാദ ഭരിതമായ് ചിരിപ്പിച്ചീടുമീ സൗഹൃദം
സന്തോഷ ഭരിതത്തിൽ മുങ്ങിക്കുളിക്കും
കാണുന്ന നേരം ഉള്ളിൽ പടരും വിരിയുന്ന
സൗഹൃദം പറയാനുള്ള നേരം.....

അറിവിൻ വെളിച്ചമുണരുന്ന സൗഹൃദം
വെണ്മക്കല്ലായ് വിരിയും പൂക്കളോ.....
നക്ഷത്ര തിളക്കമായെന്നും കൂടെ
യുണ്ടാവുന്ന സൗഹൃദം പിരി
യില്ലൊരിക്കലും അടരുന്ന സ്നേഹം

സ്നേഹം ബന്ധമാണെന്നും പ്രിയ സൗഹൃദം
എണ്ണം കൂടുമ്പോഴും ചിരിക്കുമീ സൗഹൃദം
പറയാതെ വെക്കുന്ന കള്ളം പിടിച്ചീടുമീ
സൗഹൃദ നിമിഷാരോപണ മർത്യം
രഹസ്യാരോപണമെന്നും പിടിക്കുന്ന
വെളിച്ച വിളക്കായ് നിൽക്കുമീ സൗഹൃദം

ഊരാക്കുടുക്കുകളിൽ രക്ഷിക്കുമീ
സൗഹൃദം പരമാനന്ദ ഭരിതോത്സവ
മർദരാണീ നേരം
നിലവിളക്കായെങ്ങും മായാതെ
കൂടെയുണ്ടാവണ പ്രിയ സൗഹൃദം
കടലായെങ്ങും നിറയവെ മനസ്സിൽ

മിസിരിയ വി വി
9D

# ഗുരുനാഥൻ

ആദ്യക്ഷരം കുറിക്കുന്ന നാളുകളിൽ
നമ്മുടെ സ്വന്തം ഗുരുനാഥൻ
എല്ലാവരേക്കാളും മുന്നിൽ വന്ന്
നമ്മളെ സഹായിച്ചിടും ഗുരുനാഥൻ

നല്ലത് പഠിപ്പിക്കും ഗുരുനാഥൻ
ചീത്തകൾ നശിപ്പിക്കും ഗുരുനാഥൻ
സ്നേഹമാം വിദ്യാലയത്തിൽ നിന്നും
സ്നേഹത്തിൻ ഗുരുനാഥനെ കണ്ടു നമ്മൾ
സുഹൃത്തുക്കളെക്കാളും എല്ലാവരേക്കാളും
ഏറ്റവും നല്ലത് എൻ ഗുരുനാഥൻ

സ്നേഹത്തിൻ നിറകുടമാം
എൻ ഗുരുനാഥൻ
വിദ്യാലയത്തിൽ വച്ച്
നമ്മുടെ മാതാപിതാക്കൾ
നമ്മുടെ സ്വന്തം ഗുരുനാഥൻ

സാലിമ കെ
9D

# HEIDI

-Johanna Spyri

The story of Heidi by Johanna Spyri is a beautiful and charming story about an orphaned girl named Heidi who was sent away  from her aunt to live with her grandfather in the Swiss Alps. Heidi's grandfather was a hard-hearted man at the beginning of the story. As they got to know each other,the love between Heidi and her grandfather became strong as they can't be separated. Every morning,she goes up in the mountain with Peter,the goat herder and he friend.

Some days ago suddenly Heidi was taken away from her beloved Grandfather and mountain to be a playmate of Clara an invalid young girl who can't walk. Heidi had to travel very far. Heidi became a good playmate and her friend to Clara. But she can't get over her homesickness longs for the  mountain were everything is green and fresh.

Clara 's father send her his doctor friend. He feels that Heidi must return to the mountain. Finally Heidi was sent back to the mountain which she belong to.

Heidi had told Clara so much about the mountain and one day,Clara and her family decided to visit the mountain. While visiting, Clara 's wheelchair mysteriously disappeared. At last, Clara is determined to walk again?.

The story of Johnna Spyri is really a lovely story. I loved this story and characters it is a heart-touching story which i ever read.

# പൂവമ്പഴം

**ആസ്വാദനക്കുറിപ്പ്** **കാരൂർ**

മലയാളത്തിലെ പ്രമുഖ കഥാകാരനിൽ ഒരാളായ ' കാരൂരിന്റെ' ഏററവും പ്രധാനപ്പെട്ട ഒരു കഥയാണ് 'പൂവമ്പഴം' കാരൂർ കഥ എഴുതുകയല്ല. കഥ പറയുകയാണ്. കഥപറയുന്ന ഹൃദയാലുവായ ഒരു ഉൾനാടൻ സരസന്റെ സ്വരവും രീതിയുമാണ് കാരൂർ കഥകളിൽ ഉള്ളത്. നല്ല ഫലിതവും ശുദ്ധവുമായ നർമ്മബോധവും തികഞ്ഞ രസികത്തവും കൊണ്ട് രസിപ്പിക്കുന്ന കഥാകൃത്തായിട്ടാണ് കാരൂർ പല കഥകളിലും പ്രത്യക്ഷപ്പെടാറുള്ളത്

തന്റെ ബാല്യകാലത്തിൽ നടന്ന കഥയാണ് ഇവിടെ കഥാകാരൻ പറയുന്നത് . 'അവരുടെ വീട്ടിന്റെ തൊട്ടുകിഴക്കേത്' ഒരു വലിയ ജന്മിയുടെ മനയാണ്. കഥാകൃത്തും കുടുംബവും അവരെ ആശ്രയിച്ചാണ് കഴിയുന്നത്. മനക്കൽ എന്തെങ്കിലും വിശേഷമുണ്ടായാൽ അന്ന്

അവരുടെ വീട്ടിൽ ഒന്നും ഉണ്ടാക്കില്ല. 'അവരുടെ വീട്ടിൽ ഒന്നും ഉണ്ടാക്കില്ല' എന്നു മനസ്സിലാക്കാൻ വളരെ നല്ല ഒരു പ്രയോഗം തന്നെയാണ് ഇതിൽ പ്രയോഗിച്ചിരിക്കുന്നത് . 'ഞങ്ങളുടെ വീട്ടിൽ തീകത്തിച്ചിട്ടുണ്ടാവില്ല. അവിടെ മനയ്ക്കലിൽ കഥാകാരന്റെ പ്രായമുള്ള ഒരു ഉണ്ണിയുണ്ട്. അവർ ജന്മി,ഭൃത്യർ എന്നീ വലിപ്പച്ചെറുപ്പമില്ലാത്ത ചങ്ങാതികളായിരുന്നു. ആ ഉണ്ണി മൂന്നുകൊല്ലം മുമ്പ് മരിച്ചിരുന്നു.

അതിന്റെ അമ്മ അതെങ്ങനെ സഹിച്ചോ എന്നു പറഞ്ഞ് തന്റെ വിഷമങ്ങളേയും ചേർത്ത് കഥയിൽ പ്രതിപാതിച്ചിരിക്കുന്നു. ആ സ്ത്രീയുടെ ആശാകേന്ദ്രം ആ ബാലനായിരുന്നു. ഈ അന്തർജനമാണ് ഈ കഥയിലെ പ്രധാന കഥാപാത്രം.അവരുടെ പേര് ഉണ്ണിമാ എന്നോ നങ്ങയ്യാ എന്നോ ആണ്.എന്നാലും അയൽപക്കത്തുള്ള പെണ്ണുങ്ങൾ

പൂവമ്പഴം എന്നാണ് വിളിക്കുന്നത്.തന്റെ മകന്റെ മരണത്തിനു ശേഷം അവർ കഥാകാരനേയാണ് ആ സ്ഥാനത്ത് കണ്ടത്. കഥാകൃത്ത് വല്ല ജോലിയിലും മുഴുകിയിരിക്കുമ്പോഴാണ് ആ അന്തർജനം കഥാകാരനെ വിളിക്കുക. വളരെ സ്നേഹത്തോടെ കഥാകൃത്തിനെ കാണാനും രണ്ട് കുശലം പറയാനും വിശേഷങ്ങൾ അന്വേഷിക്കാനുമാണ് വിളിക്കുന്നതെങ്കിലും കഥാകാരന് അത് മനസ്സിലാവുന്നില്ല. പ്രായം അവരുടെ വിഷമം കഥാകാരന്റെ കണ്ണിൽ പെടുത്തിയില്ല. അന്തർജനമെന്താണ് വിചാരിക്കുന്നത് എന്റെ മരിച്ചുപോയ ഉണ്ണിയുടെ അതേ പ്രായം. അവന്റെ അതേ വിദ്യാലയം. തന്റെ ഉണ്ണിയുടെ സ്ഥാനമാണ് കഥാകാരനും ആ അന്തർജനം നൽകിയിരിക്കുന്നത്. അത് കൊണ്ടാണ് എന്തു കണക്കാണ് ചെയ്യുന്നതെന്നും അത് എങ്ങനെയാണ് ചെയ്യേണ്ടതെന്നും കഥാകൃത്തിന്റെ കയ്യിൽ നിന്ന് മനസ്സിലാക്കിയത്. അപ്പുവിന്റെ കണക്കിലെ പ്രാവിണ്യം കണ്ട് അന്തർജനം അപ്പുവിനെ അഭിനന്ദിക്കുന്നു.

ഒരു പക്ഷെ തന്റെ ഉണ്ണിയുണ്ടായിരുന്നെങ്കിൽ അവനും ഇങ്ങനെ തന്നെയായിരിക്കുമെന്ന് അന്തർജനം വിചാരിച്ചിരുന്നു കാണും. തന്റെ അറിവ് കഥാകാരന് പറഞ്ഞുകൊടുക്കാനും അന്തർജനത്തിന് ഇഷ്ടമായിരുന്നു. അതു കൊണ്ടാണ് അണ്ണാൻ അതിന്റെ പുറത്തെ വര ശ്രീരാമസ്വാമി വരച്ചതാണെന്ന് പറഞ്ഞത്. പക്ഷെ അവരോടുള്ള സംഭാഷണം അവസാനിപ്പിക്കാൻ കഥാകാരൻ അത് തനാക്കറിയാം എന്നു പറഞ്ഞ് ഒഴിഞ്ഞു മാറുന്നു. പക്ഷെ അന്തർജനം അപ്പുവിന് എല്ലാം അറിയാമെന്ന് പറഞ്ഞ് സന്തോഷിച്ചു. കാരണം അവരുടെ മകനുണ്ടായിരുന്നെങ്കിൽ ഇതൊക്കെ അറിയാമായിരുന്നേനല്ലേ. പിന്നെ പത്തുപതിനഞ്ചു ദിവസത്തിനുശേഷം വീണ്ടും വിളിച്ചു. അത് അപ്പുവിന് അപ്പം സമ്മാനിക്കാനായിരുന്നു. പിന്നൊരു ദിവസം വെറ്റ എടുത്ത് തരാനായിരുന്നു. അത് അപ്പു എടുത്ത് കൊടുത്തതുകൊണ്ടാവാം ഇതുവരെ മുറുക്കാത്ത അന്തർജനം മുറുക്കിയത്. പിന്നെ കുശലം ചോദിക്കാനാണ് കേശവന്റെ കല്ല്യാണത്തെക്കുറിച്ചൊക്കെ ചോദിച്ചത്. അവസാനം അന്തർജനത്തിന് എന്തോ സുഖക്കേട് വന്നപ്പോൾ അവിടുത്തെ നമ്പൂതിരി മറ്റൊരു അന്തർജനത്തെ വേളികഴിക്കുകയുണ്ടായി. അവസാനം അപ്പു ആ വേളിക്ക് ഭക്ഷണം കഴിച്ചപ്പോൾ തന്റെ മകൻ അച്ചന്റെ മറ്റൊരു കല്യാണത്തിന്റെ സദ്യ ഉണ്ണുന്നതായാണ് അന്തർജനത്തിന് തോന്നിയത്. അപ്പുവിന്റ

കുഞ്ഞാത്തോരമ്മ എന്ന വിളികേട്ട് ദുഃഖമടക്കുന്ന അന്തർജനത്തെയാണ് കഥയൊട്ടുവിൽ കാണാൻ കഴിയുന്നത്.

സ്നേഹത്തിന്റെ നിറകുടമാണ് ഈ കഥയിലെ അന്തർജനം. പക്ഷേ തന്റെ സ്നേഹം ആർക്കുമുന്നിലും പ്രകടമാക്കാൻ കഴിയുന്നില്ല. അപ്പുവിനോട് കാണിക്കുമ്പോൾ അത് മനസ്സിലാക്കാനുള്ള പ്രായം അവനില്ല. അവസാന ഘട്ടമാണ് കഥാകാരന് അത് മനസ്സിലാകുന്നത്. ധ്വനി പ്രധാനമായ കഥന രീതിയുടെ ഉൽകൃഷ്ട മാതൃകയായി 'പൂവമ്പഴം ' എന്ന കഥയെ കണക്കാക്കാം. മഴമേഘം പോലെ വിങ്ങിനിൽക്കുന്ന വികാരങ്ങളുടെ ധ്വനിപ്രധാനമായ ആവിഷ്ക്കാരമാണ് ഇത്. പൂവമ്പഴം എന്നത് ഒരു പഴമാണ്. മറ്റുള്ളവരുടെ വിശപ്പകറ്റുന്നു. അതിനെ രുചിക്കുമ്പോൾ നമുക്ക് നല്ല മധുരവും കൈമാറുന്നു. അതുപോലെയാണ് അന്തജനവും. അതുകൊണ്ട് തന്നെ 'പൂവമ്പഴം' എന്ന ശീർഷകം ഈ കഥയ്ക്ക് വളരെ യോജിച്ചതാണ്.

# യാത്രാവിവരണം

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഓർമയാണ് ഊട്ടിയിൽ ടൂർ പോയത്.കഴിഞ്ഞ വർഷം സ്കൂൾ പൂട്ടിയ സമയത്ത് നോമ്പിന് മൂന്ന് നാല് ദിവസങ്ങൾക്ക് മുമ്പ് പെട്ടന്നാണ് ടൂറിന്പോവാമെന്ന് എല്ലാവരും തീരുമാനിച്ചത്. പ്രതീക്ഷിക്കാത്തൊരു ടൂർ ആയിരുന്നു അത്. എന്റെ കുടുംബക്കാരുടെ കൂടെയായിരുന്നു യാത്ര.

രോഗമൊന്നും വകവയ്ക്കാതെ ഉപ്പയുടെ ഉമ്മയും ഉണ്ടായിരുന്നു. ടൂറിസ്റ്റ് ബസ്സിലായിരുന്നു യാത്ര. ഞങ്ങൾ പത്തിരുപതു പേർ ഉണ്ടായിരുന്നു. ഞങ്ങൾ മൂത്താപ്പയുടെ വീട്ടിൽ നിന്നും ഭക്ഷണവുമ കഴിച്ച് രാത്രിയായിരുന്നു യാത്ര പുറപ്പെട്ടത്. മൈക്ക് ഉണ്ടായിരുന്നതിനാൽ എല്ലാവരും വണ്ടിയിൽ നിന്നും പാട്ടുപാടി . അതിൽ ഞാനും ഉണ്ടായിരുന്നു. ഉപ്പുമ്മയുടെ പഴയകാല പാട്ട് കേട്ട് എല്ലാവരും ആസ്വദിച്ചു. ഒരുപാട് സമയം പാട്ടും കഥയും പറഞ്ഞു.

ഗുഡല്ലൂരിൽ എത്തി. ഒരു ലോഡ്ജിൽ റൂം എടുത്തു. വലിയ റൂം ആയതിനാൽ എല്ലാവരും കട്ടിലിലും നിലത്തുമായ് നിരന്നുകിടന്നു. 5 മണി ആയപ്പോഴേക്കും എല്ലാവരുടെയും ഫോണിൽ നിന്നും അലാറം അടിക്കാൻ തുടങ്ങി . എല്ലാവരും എഴുന്നേറ്റ് നിസ്കാരം

കഴിഞ്ഞ് ചായയും കുടിച്ച് യാത്ര തുടർന്നു.

റോഡിന്റെ ഇരു സൈഡിലും കാപ്പി തോട്ടങ്ങൾ, വലിയ മരങ്ങൾ, കുതിരകൾ എന്നിവ കണ്ടു. ഫോണിൽ കുറേ ഫോട്ടൊ എടുത്തു. ഇതുവരെ അങ്ങനെയുള്ള കാഴ്ചകൾ കണ്ടില്ലായിരുന്നു. എല്ലാവരും ഭക്ഷണം കഴിച്ചു. ഒരു കുടുംബം മുഴുവൻ ഒരു ടേബിളിന് ചുറ്റും ഇരുന്ന് ഭക്ഷണം കഴിക്കുന്നത് കാണാൻ നല്ല രസമായിരുന്നു.

അങ്ങനെ ഊട്ടിയിൽ എത്തി. ആദ്യം ബോട്ടിൽ കയറി. മൂത്താപ്പയുടെ മകൾക്ക് നടക്കാൻ പ്രയാസമായിരുന്നു. ചക്രക്കസേരയിൽ ഇരുന്ന് കാഴ്ചകൾ കണ്ടു. വെയിൽ കൂടുന്നതിനാൽ കുറച്ച് സമയം വെറുതെ ഇരുന്നു. പിന്നെ നമ്മൾ പോയത് ഗെയിം കളിച്ചാൽ സാധനം കിട്ടുന്ന സ്ഥലത്തായിരുന്നു. അതും എല്ലാവരും കളിച്ചു. അവിടെ കുറേ കടകൾ ഉണ്ടായിരുന്നു. മാങ്ങയും, ഉപ്പും, മുളകും, ചോളവുമൊക്കെ വാങ്ങി. അവിടെയെല്ലാം ചുററിക്കറങ്ങി. പിന്നെ ഞങ്ങൾ ഗെയിം കളിച്ചു. ഉച്ച സമയമായി ഭക്ഷണം കഴിച്ചു.

സൂയിസൈഡ് മലയിലേക്ക് യാത്ര തിരിച്ചു ജീപ്പിൽ ആയിരുന്ന പോയത്. അവിടെ നിന്ന് താഴേക്ക് നോക്കിയാൽ ഊട്ടിയിലെ പല

സ്ഥലങ്ങളും കാണാമായിരുന്നു. അവിടെ ഒരുപാട് സമയം നിന്ന ശേഷം ചായപ്പൊടി ഫാക്ടറിയിലേക്ക് പോയി. അവിടെ ഒരുപാട് സമയം ചെലവഴിച്ചു. നല്ല തിരക്കായിരുന്നു. അവിടെ നിന്നും ചായ കഴിച്ചു. സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി. 2 മണിയോടെ മൂത്താപ്പയുടെ വീട്ടിലെത്തി. അവിടെ അവരെ ഇറക്കി നമ്മൾ വീട്ടിലേക്ക് വന്നു. മനസ്സിന് കുളിർമ്മയേകിയ യാത്രയായിരുന്നു.

ശാലിയ കെ
9D

# കുട്ടികൾക്ക് എന്താ പറ്റിയേ ?

അടുത്ത പിരീഡ് സിസ്ഡുടീച്ചറാണ്. മലയാളത്തിന്റെ സ്വന്തം ടീച്ചർ. എന്നും ഒരു കഥാബുക്ക് ടീച്ചറുടെ കൈയിലുണ്ടാകും.അതിലെ ഓരോ കഥയും എന്നും പറഞ്ഞുതരും. ഞങ്ങൾ എല്ലാവരും ടീച്ചർക്കു വേണ്ടി കാത്തിരിക്കും. പക്ഷേ! ടീച്ചർക്ക് ഒരു പ്രശ്നമുണ്ട്. ആരെങ്കിലും കഥ പറയുമ്പോൾ ശബ്ദമുണ്ടാക്കിയാൽ അപ്പോൾത്തന്നെ കഥ നിർത്തും. അതുകൊണ്ട് ആരും ക്ലാസിൽ ശബ്ദമുണ്ടാക്കാറില്ല.

ജനാലയിലൂടെ ടീച്ചറുടെ നിഴൽ കണ്ടതോടെ എല്ലാവരും ഒന്ന് ഇളകിയിരുന്നു. കാത് കൂർപ്പിച്ചു. മനസ്സ് ശാന്തമാക്കി ആകാംഷയോടെ ടീച്ചറെ കാത്തിരുന്നു. ടീച്ചർ വാതിൽ കടന്നു.'നമസ്തേ ടീച്ചർ'.... എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. ടീച്ചറ് കഥാബുക്ക് കൈയിൽ നിവർത്തിപ്പിടിച്ചു പറഞ്ഞു. 'ഇന്ന് കഥ വേണ്ടേ...? ''വേണം... വേണം... ഒരു നല്ല കഥ....' എല്ലാവരും ആർത്തിരമ്പി . ക്ലാസ് മുറി ഒരു നിമിഷത്തേക്ക് ഉത്സവപറമ്പായി. മതി....മതി.... ഞാൻ ഒന്ന് വെറുതെ ചോദിച്ചതല്ലേ എന്റെ മക്കളേ. ടീച്ചറ് ഞങ്ങളുടെ കണ്ണിലേക്ക് സ്നേഹം നിറഞ്ഞ പുഞ്ചിരി ചൊരിഞ്ഞു. ടീച്ചറ് കഥ പറഞ്ഞു തുടങ്ങി.

ഒരിടത്തൊരിടത്ത് ഒരു വലിയ കുന്നുണ്ടായിരുന്നു. കുന്നിന്റെ പേര് ഭ്രാന്തൻ കുന്ന്. ഞങ്ങൾക്ക് ചിരിപൊട്ടി. ഞങ്ങൾക്ക് ചിരി അടക്കാൻ കുറച്ച് വിഷമമായിരുന്നു. അപ്പോഴാണൊരു കാര്യം ഓർത്തത്. ശബ്ദമുണ്ടാക്കിയാൽ ടീച്ചർ കഥ നിർത്തും. ഞങ്ങൾ ചിരി അടക്കി. ടീച്ചർ ഞങ്ങളെ ഒന്ന് സൂക്ഷിച്ച് നോക്കി. പിന്നെ കഥ തുടർന്നു.

"അവിടെ വളരെ വിശാലമായിരുന്നു. കുഞ്ഞു കുഞ്ഞു ചെടികളും കുറ്റിചെടികളും പല പല വൃക്ഷങ്ങളും സുഗന്ധം നൽകുന്ന പൂക്കളും പടർന്നു കയറുന്ന വള്ളികളും അങ്ങനെ ഒരുപാട് കാഴ്ചകൾ നിറഞ്ഞ കുന്ന്.അവിടേക്ക് പൂപറിക്കാൻ നാലു കുട്ടികൾ ഒരുചെറിയ പൂക്കൊട്ടയുമായി നടന്നു. നടന്നുനടന്ന് അവർ ആ കുന്നിലെത്തി. ചുറ്റും നോക്കി ഫലവൃക്ഷങ്ങളിൽ ഫലങ്ങൾ നിറഞ്ഞു നിൽക്കുന്നു. അവർ നാല് പേരും നാല് വഴിയിലായി നടന്നു. പല പല കാഴ്ചകളും കണ്ട് പൂപറിക്കുമ്പോൾ കൂട്ടത്തിൽ മുതിർന്ന കുട്ടിയുടെ പിറകിൽ ആരോ വന്ന് തൊട്ടു. അവൾ പെട്ടന്ന് നിശ്ചലമായി. ആകെ വിയർത്തു. അവൾ പതുക്കെ തിരിഞ്ഞു നോക്കി. പെട്ടന്ന് അവൾ മുന്നോട്ടു നോക്കി ഓടി. ഓടിയോടി ഒരു മരത്തിന്റെ അരികിൽ എത്തി. അവിടെ ഒളിച്ചു നിന്നു. അവൾ ശ്വാസം എടുത്ത് പതിയെ തിരിഞ്ഞു നോക്കി. ആരുമില്ല. അവൾ മെല്ലെ നടന്നു.

വഴിയിൽ അവൾ നേരത്തേ കണ്ട ആളെ ഒന്നു ഓർത്തു നോക്കി. കറുത്ത് തടിച്ച ആറടി വ്യാസമുള്ള ഒരാൾ . കാതിൽ ഒരു തിളക്കമുള്ള കടുക്കൻ. കണ്ണുകൾ ഉരുണ്ട് ചുവന്ന് പുറത്തേക്ക് തള്ളി നിൽക്കുന്നു. വസ്ത്രം അവൾ ശ്രദ്ധിച്ചിരുന്നില്ല. "ആരായിരിക്കും അയാൾ" അവൾ പിറുപിറുത്തു. "അല്ല. എവിടെ എന്റെ കൂട്ടുക്കാർ. സമയം വൈകിയല്ലോ അവരെവിടെയാണ്? എന്താ എത്താത്തെ?". അപ്പോഴാണ് അവളുടെ കാതിൽ ഒരു നിലവിളി മുഴങ്ങിയത്. അവൾ ഞെട്ടി. അവൾ നന്നായി വിയർത്തു. നിലവിളി കേൾക്കുന്നിടത്തേക്ക് ഓടി. കൂട്ടുക്കാർക്ക് എന്തോ പറ്റി.അവൾ ഊഹിച്ചു. പിന്നയും ആ നിലവിളി കേട്ടു.

പെട്ടന്നാണ് അത് സംഭവിച്ചത്. പിരീഡ് തീരാനുള്ള ബെല്ല് അടിച്ചു. "ഛെ നാശം" രേവതി പിറുപിറുത്തു. ടീച്ചറെ നോക്കി ചോദിച്ചു. "ടീച്ചറേ..... ബാക്കി പറ....." ഞാൻ ടീച്ചറോട് ചോദിച്ചു. "ഇനി അടുത്ത ദിവസം പറയാം കേട്ടോ...." , "എന്നാലും ടീച്ചറേ ഒന്ന് പറ" . "അങ്ങനെയാണെങ്കിൽ നാളെ.... ഇതിന്റെ ബാക്കി എഴുതീട്ടുവാ", "എന്നാ വേണ്ട ടീച്ചറെ..... നാളെ പറഞ്ഞാ മതി " ഞാൻ പറഞ്ഞു. അതെല്ലാരും തലകുലുക്കി പാസാക്കി. കഥ കേട്ടില്ലെങ്കിൽ നാളെ കേൾക്കാം . പക്ഷെ ഒരു കഥ എഴുതാൻ , എന്റമ്മോ! വയ്യ! . ഞാൻ എന്നോട് തന്നെ പറഞ്ഞു.

അങ്ങനെ സ്കൂൾ വിട്ടു. വഴിയിലെ നാരാണേട്ടന്റെ കടയിൽ നിന്നും വാങ്ങിയ കോലുമിഠായി വായിലിട്ട് ഞങ്ങൾ തോട്ടിൻ കരയ്ക്കിരുന്നു. തോട്ടിലെ ശാന്തമായ ഒഴുക്കിനെ അശാന്തമാക്കാൻ കരയിലെ വെള്ളാരം കല്ല് ഞാൻ അതിലേക്കിട്ടു. എന്നാട്ട് ഓർത്തു. " എന്നാലും ആ കുട്ടികൾക്ക് എന്താ പറ്റിയേ?".

ഗായത്രി എസ് രാജീവ്
9D

# മരം മുറിക്കുന്നതിനെതിരെ മരത്തിന്റെ നൊമ്പരം

“ ഞാനേറ്റ വെയിൽ

നിങ്ങൾക്ക്

തണലായ് തന്നു

ഞാനേറ്റ മഴ

ജലമായ് തന്നു

എന്നിട്ടും നിങ്ങൾ എനിക്കായി

ഒരു മഴു പണിതുവെച്ചു"

സഹൽ കെ വി
9D

# അങ്ങനെ ഒരു പെൺകുട്ടി

ണിം ണിം ണിം അസംബ്ലിക്കുള്ള ബെല്ലാണ്. അച്ചടക്കം പാലിക്കണം, പരിസരം വൃത്തിയാക്കണം എന്നൊക്കെ പറയാനാവും, കേട്ടുമടുത്തു. അങ്ങനെ വാടിയമുഖവുമായി ഞങ്ങൾ ഗ്രൗണ്ടിലെത്തി. മാഷൻമാരും, ടീച്ചർമാരും ഹെഡ്മിസ്റ്റ്റും ഉണ്ട്. അതിനിടയിൽ പുതിയ ഒരാളെ കണ്ടു . വെള്ള സാരി, അതിൽനിറയെ നീല പൂക്കൾ . ടീച്ചറാണെന്ന് തോന്നുന്നു. കണ്ടപ്പോൾ എനിക്ക് അമ്മയെ ഓർമ്മ വന്നു. അസംബ്ലി തുടങ്ങി. ഹെഡ്മാസ്റ്റർ പറഞ്ഞു: പുതിയ ടീച്ചറാണ് പേര് സിന്ധു. അസംബ്ലി കഴിഞ്ഞ് ഞങ്ങൾ ക്ലാസിലെത്തി. ആദ്യ പിരീഡ് കണക്കാണ്. വസന്ത ടീച്ചറാണ് . വെറുതെ ഞങ്ങളെ തല്ലും. ഇരുന്നിടത്തുനിന്നും ഞങ്ങളെ അനങ്ങാൻ പോലും സമ്മതിക്കില്ല.ടീച്ചർ സ്ഥലംമാറ്റം കിട്ടിപ്പോയി. ഹാവൂ, സമാധാനം..... അതിനു പകരമായിരിക്കും ഈ ടീച്ചർ എന്നു വിചാരിച്ചിരിക്കുമ്പോഴാണ് സിന്ധു ടീച്ചർ കടന്നു വന്നത് . കയ്യിൽ വടിയില്ലാതെ. ഞങ്ങൾ അത്ഭുതപ്പെട്ടുപോയി . ആദ്യമായാണ് ഒരു ടീച്ചർ കയ്യിൽ വടിയില്ലാതെ ക്ലാസിൽ വരുന്നത് "അത് പുതിയ ടീച്ചർ ആയതുകൊണ്ടാ" ദേവിക പറഞ്ഞു. അത് ശരിയാണെന്ന് ഞങ്ങൾക്കും തോന്നി. ടീച്ചർ ടീച്ചറെ പരിചയപ്പെടുത്തി . അതുപോലെ ഞങ്ങളും. ടീച്ചർ ഒരു

കഥാപുസ്തകം കൊണ്ടുവന്നിരുന്നു. അത് തുറന്നപ്പോൾ പൊടിയും ചിതലും പുറത്തുചാടി. ടീച്ചർ കഥ പറയാൻ ആരംഭിച്ചു "ഒരിക്കൽ ഒരിടത്ത് ഒരു ക്ഷേത്രമുണ്ടായിരുന്നു. പ്രേത ഭൂതാദികൾ വസിക്കുന്ന ഒരമ്പലമായിരുന്നു അത്. അതിനടുത്ത് ഒരു ചെറ്റക്കുടിലിൽ ഒരച്ഛനും മകളും താമസിച്ചിരുന്നു. അയാൾ പണിക്കൊന്നും പോകാതെ തന്റെ മകളെയും നോക്കി അവിടെയിരുന്നു". പെട്ടെന്ന് ടീച്ചർ കഥ നിർത്തി എല്ലാവരെയും നോക്കി. എല്ലാവരും ശ്രദ്ധിച്ചു കേൾക്കുന്നുണ്ട്. ടീച്ചർ തുടർന്നു; അവസാനത്തെ ഒരു പിടി അരിയും തീർന്നപ്പോൾ അവർ പട്ടിണിയിലായി.മകൾ പറഞ്ഞു: അച്ഛൻ പണിക്കൊന്നും പോവാതെ വീട്ടിലിരുന്നാൽ നമ്മൾ ഇനി എങ്ങനെ ജീവിക്കും. പക്ഷേ തന്റെ മകളെ അവിടെ ഒറ്റയ്ക്കാക്കി പോകാൻ അയാൾ തയ്യാറായിരുന്നില്ല. പക്ഷേ മകളുടെ നിർബന്ധത്തിനു വഴങ്ങി ജോലി അന്വേഷിച്ചിറങ്ങി.


മാസങ്ങൾ കടന്നുപോയി അയാൾ തിരിച്ചുവന്നില്ല. പെട്ടന്ന് പിന്നിൽ നിന്നും ഒരു കരച്ചിൽ , ടീച്ചർ കഥ നിർത്തി അങ്ങോട്ടുനോക്കി. അശ്വതിയാണ് കരയുന്നത്. ടീച്ചർ അവളുടെ അടുത്തുപോയി വാത്സല്യത്തോടെ ചോദിച്ചു, എന്തിനാ മോളെ കരയുന്നത്. അവൾ വിതുമ്പി. പിന്നെ വിക്കി വിക്കി പറഞ്ഞു. എന്റെ


......അ....ച്ഛനെ കാണാതായിട്ട്............ഒരു......ഒരു......പാട് നാളായി. ഈ കഥ കേട്ടപ്പോൾ എനിക്ക് അച്ഛനെ ഓർമ്മ വന്നു. 'ഉഗ്രൻ കഥ' രനിൽ കയ്യടിച്ചു. കഴിഞ്ഞിട്ടില്ല ഇനിയും ഉണ്ട് ഞാൻ പറഞ്ഞു. അടുത്ത ദിവസത്തെ അസംബ്ലിയിൽ ഹെഡ്മാസ്റ്റർ എന്റെ തോളിൽ തട്ടിപ്പറഞ്ഞു. വലുതാകുമ്പോൾ നീ ഒരു കഥാകാരിയാകും സമ്മാനങ്ങൾ ഏറ്റുവാങ്ങുമ്പോഴുംഎന്റെ മനസ്സിൽ ആ പെൺകുട്ടിയായിരുന്നു. അങ്ങനെ ഒരു പെൺകുട്ടി ഉണ്ടെങ്കിലോ.......?

രേവതി സുരേഷ് കെ
8B

# ചിത്രങ്ങൾ




Asifa.k
IXth D
Roll no: 14


Fathimathul Sahwa . A.C
IX.D


Lamiya . N.U
VIII . F




# നന്ദി

'സർഗ്ഗ സങ്കേതം' സാക്ഷാത്കാരത്തിന് മുന്നിലും പിന്നിലും പ്രവർത്തിച്ച ഏവർക്കും ഒരായിരം നന്ദി..............